**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**13 January 2017 (13 Rabi 'ul Aakhir 1438 Hijira)**

## THE HEIGHTS OF PRAYER / പ്രാർത്ഥനയുടെ ഉന്നതസ്ഥിതികൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **പ്രാർത്ഥനയുടെ ഉന്നതസ്ഥിതികൾ** എന്ന വിഷയത്തെ ആസ്പദമാക്കി തന്റെ വെള്ളിയാഴ്ച ഖുത്തുബ ആരംഭിച്ചു.

**പറയുക, ബാഹ്യവും ആന്തരികവുമായ നല്ല പ്രവേശന മാർഗ്ഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരികവുമായ നല്ല പ്രവേശന മാർഗത്തിലൂടെ നീ എന്നെ പുറത്തു കൊണ്ടുവരുകയും ചെയ്യേണമെ. നിന്റെ പക്കൽ നിന്ന് എനിക്ക് സഹായകരമായ ഒരു ശക്തി നല്കുകയും ചെയ്യേണമെ 17 : 81**

ഈ പ്രാർത്ഥന പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന് മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റ പോകുന്നതിന് മുൻപ് അവതരിപ്പിക്കപ്പെട്ടതാണ്. ഈ പ്രാർത്ഥനയിൽ ഒരു പ്രവചനം അടങ്ങികിടക്കുന്നു. ഹിജ്റ പോകുന്നതു സംബന്ധമായും അതോടൊപ്പം തിരിച്ചു വരുന്നതു സംബന്ധമായും ! അതു മാത്രമല്ല, അതിലും വിശാലമായ അർത്ഥ തലങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യെ മക്കയിൽ 13 വർഷക്കാലം പീഡനങ്ങൾക്ക് വിധേയമാക്കപ്പെടുകയുണ്ടായി. ഇക്കാരണത്താലാണ് അദ്ദേഹം പോയത്, അതുപോലെ സത്യവും കൊണ്ടാണ് അദ്ദേഹം പോയത്, അതുപോലെ സത്യവും കൊണ്ടാണ് അദ്ദേഹം മടങ്ങി വന്നതും!

അദ്ദേഹം പുറപ്പെടുന്നതിനു മുൻപ് മടങ്ങിവരുന്നതിനെ കുറിച്ച് പരാമർശിച്ചതെന്തുകൊണ്ടാണ് എന്ന ചോദ്യം ഉയരുന്നു. ദൈവം തന്റെ ബൗദ്ധികതയാൽ, പരിശുദ്ധ പ്രവാചകൻ (സ) ഒരു നിമിഷം പോലും പ്രയാസപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. താൻ മക്കയിൽ നിന്നും സ്ഥിരമായി പോകേണ്ടിവരുകയാണ്, എന്ന ചിന്ത ഉടലെടുക്കുന്നതിന് മുമ്പായി മടങ്ങിവരുന്നതിനെ പ്പറ്റി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മടങ്ങി വരവ് ആദ്യമെ പറഞ്ഞു. അത് ഉറപ്പാണ് എന്ന് ഉറപ്പിച്ചു. അതുകൊണ്ട് വിഷമിക്കേണ്ട കാര്യമൊന്നുമില്ല എന്ന ആശ്വാസമാണ് നല്കിയിരിക്കുന്നത്. പരിശുദ്ധ പ്രവാചകൻ (സ) ഏത് സാഹചര്യത്തിലാണ് മക്ക ഉപേക്ഷിക്കേണ്ടി വന്നത് എന്ന യാഥാർത്ഥ്യവും ഈ പ്രാർത്ഥനയിലൂടെ വെളിവാക്കപെടുകയാണ്. തന്റെ ശത്രുക്കൾ അദ്ദേഹം ഒരു കള്ളനാണെന്ന് മുദ്ര അടിച്ചു; മാത്രമല്ല കള്ളം കെട്ടി ചമച്ചു പറയുന്നവനും കള്ള പ്രവാചകനുമാണ് എന്ന് പ്രചരിപ്പിച്ചു. മദീനയിൽ അദ്ദേഹത്തിന് ലഭിച്ച സ്വാഗതം, അദ്ദേഹത്തിന്റെ സത്യതയ്ക്കു സാക്ഷ്യമായി. മദീനയെ സംബന്ധിച്ചുള്ള പരാമർശത്തിലൂടെ ഈ വചനം, അദ്ദേഹത്തിന്റെ സത്യതയ്ക്ക് അവർ മദീന വാസികൾ സാക്ഷ്യം വഹിച്ചു. അതുപോലെ അദ്ദേഹത്തിന്റെ മടങ്ങിവരവിലൂടെ മക്കവാസികളും അദ്ദേഹത്തിന്റെ സത്യതയ്ക്കു സാക്ഷ്യം വഹിക്കേണ്ടി വരും.

അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഫലമാണിത്, സമ്പൂർണ്ണമായും അല്ലാഹുവിന്റെ സഹായത്താലും ആയിരുന്നു. ഈ പ്രാർത്ഥന എല്ലാ യാത്രകൾക്കും സമർപ്പിക്കാവുന്നതാണ്. ഖുർആനിലെ പ്രാർത്ഥനകൾക്ക് വളരെ വലിയ അർത്ഥതലങ്ങളുണ്ട്. അത് പലവിധ കാര്യങ്ങൾക്കുമായി ബന്ധിക്കാവുന്നതാണ്. ഖുർആൻ നല്കുന്ന പ്രാർത്ഥനകൾ എന്തുമാകട്ടെ, ഒരു പ്രത്യേക കാര്യത്തിനോ, അഥവാ  സാഹചര്യത്തിനോ ആണെന്നിരിക്കട്ടെ,

നിത്യജീവിതത്തിൽ അത്തരം സാഹചര്യങ്ങളിൽ പ്രസ്തുത പ്രാർത്ഥന പ്രയോജനപ്പെടുത്താവുന്നതാണ്. പരിശുദ്ധ പ്രവാചകന്റെയും അദ്ദേഹത്തിന്റെ അനുചര വൃന്ദത്തിന്റെയും ചര്യ ഇതായിരുന്നു. ഈ പ്രാർത്ഥനയുടെ മറ്റൊരു വശം, ഒരു വ്യക്തിയുടെ ജീവിതത്തിലെ മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയുടെ വിവരണമാണ്. ഈ മാറ്റം ചീത്തയിൽ നിന്നും നല്ലതിലേക്കും അഥവാ തിരിച്ചുമാകാം. 17 ; 79, 80 വചനങ്ങളിലൂടെ അല്ലാഹു വെളിപ്പെടുത്തുന്നു. പ്രാർത്ഥനയിലൂടെയുള്ള മാർഗദർശനം കൊണ്ടർത്ഥമാക്കുന്നത് പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) ന് മഹത്തായ ആത്മീയ ഔന്നത്യത്തിലേക്കുയരുവാൻ കഴിയുമെന്നാണ്. **സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റുന്ന സമയം മുതൽ രാത്രിയും ഇരുട്ടാകും വരെ നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുക. അതിനു പുറമെ പ്രഭാതവേളയിലെ ഖുർആൻ പാരായണവും മുറ പ്രകാരം അനുഷ്ഠിച്ചു വരിക. തീർച്ചയായും പ്രഭാതവേളയിലെ ഖുർആൻ പാരായണം (അല്ലാഹുവിന്റെ സന്നിധിയിൽ പ്രത്രേകമായും) സ്വീകരിക്കപ്പെടുന്നതാണ്. രാത്രിയിൽ അല്പ സമയം ആ ഖുർആൻ കൊണ്ട് നീ ഉറക്കമുണർന്ന് നമസ്ക്കരിക്കുക. നിനക്ക് ഐച്ഛികമായ ഒരു പുണ്യകർമ്മമെന്ന നിലയ്ക്ക്. നിന്റെ നാഥൻ സ്തുത്യർഹമായ ഒരു സ്ഥാനത്തേക്ക് നിന്നെ ഉയർത്തിയേക്കാം (17 : 79,80)**

ആത്മീയ വിഹായസ്സിലേക്ക് പറന്നുയരുവാൻ ആഗ്രഹിക്കുന്ന ഒരോരുത്തരും നിത്യമായി പ്രാർത്ഥിക്കേണ്ടതാണ്. പ്രാർത്ഥനയുടെ അർത്ഥം യഥാവിധി മനസ്സിലാക്കേണ്ടതാണ്. അല്ലെങ്കിൽ അവൻ വഴികേടിലായിപ്പോകും. ബഊറയുടെ മകൻ ബൽആമിനെപോലെ ! ബഊറയുടെ മകൻ ബൽആം ഒരു നല്ലവനായിരുന്നു. അവൻ ഭൗതിക ആകർഷണത്തിലപ്പെട്ട് നന്മയിൽ നിന്നും അകന്ന് പോയി. അതെ തുടർന്ന് അവന് അപമാനഭാരമേൽക്കേണ്ടി വന്നു. നാം നമ്മുടെ വെളിപാടുകൾ നല്കിയിരുന്ന ഒരുവന്റെ വൃത്താന്തം അവർക്കു വിവരിച്ചു കൊടുക്കുക.

എന്നാൽ അവൻ അവയിൽ നിന്ന് വഴുതിമാറി കളഞ്ഞു. അങ്ങനെ പിശാച് അവനെ പിന്തുടർന്നു പിടികൂടി. അതിനാൽ അവൻ വഴി പിഴച്ചവരിൽ പെട്ട വനായി തീർന്നു. നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിലൂടെ അവനെ നാം ഉയർത്തുമായിരുന്നു. എന്നാൽ അവൻ ഭൂമിയിലേക്ക് ചായുകയും സ്വേച്ഛയെ പിൻപറ്റുകയും ചെയ്യുകയാണ് ഉണ്ടായത്

**അപ്പോൾ അവന്റെ സ്ഥിതി ഒരു പട്ടിയുടെ സ്ഥിതിപോലെയാണ്. നീ അതിനെ ദ്രോഹിച്ചാൽ അത് കിതച്ചുകൊണ്ട് നാവ് നീട്ടുന്നു. ഇനി അതിനെ വിട്ടേക്കുന്നതായാൽ അപ്പോഴും അത് കിതച്ചുകൊണ്ട് നാവ് നീട്ടുന്നതാണ്. ഇത് നമ്മുടെ വെളിപാടുകളെ നിഷേധിക്കുന്ന ജനങ്ങളുടെ ഉപമ ആകുന്നു. അതുകൊണ്ട് നീ (അവർക്ക്) ചരിത്ര സംഭവങ്ങൾ വിവ രിച്ചു കൊടുക്കുക. അവർ ചിന്തിച്ചേക്കാം (7:176,177)**

ചിലപ്പോൾ, ഒരുവൻ സ്വാർത്ഥ ലാഭത്തിനുവേണ്ടി, ഒരു ആത്മീയ പദവി നേടാൻ ആഗ്രഹിക്കാം. ലോകത്തിന്റെ മുന്നിൽ ഒരംഗീകാരത്തിന് വേണ്ടി ആയിരിക്കാം. അത്തരക്കാർക്ക് ചിലപ്പോൾ ആത്മീയ അനുഭവ ങ്ങളുമുണ്ടാകാം. അവർ വിചാരിക്കും ഇത് ദൈവത്തിൽ നിന്നുള്ളതാ ണെന്ന് ! എന്നാൽ അത് പിശാചിൽ നിന്നുള്ളതായിരിക്കും.

എന്റെ എല്ലാ അനുചരന്മാരെയും, സത്യാന്വേഷകരെയും, മുസ്ലീങ്ങളെ യും, മാനവകുലത്തെയും, ശരിയായ പാതയിലൂടെ നിരന്തരം പുരോഗതി നേടുവാൻ വ്യഗ്രതപെടുത്തുകയാണ്, ഉത്സാഹിപ്പിക്കുകയാണ്. ദൈവ ത്തിൽ നിന്നും നിങ്ങൾ സഹായം അർത്ഥിക്കുക. സമ്പൂർണ്ണവും വിവരണാ

ത്മകവുമായ പ്രാർത്ഥനയ്ക്കു അഗാധമായ അർത്ഥതലങ്ങളുണ്ട്. വിവിധ ങ്ങളായ സാഹചര്യങ്ങളിലും അവസ്ഥകളിലും നടത്തുന്ന പ്രാർത്ഥനകൾക്ക് ! ഇത് ഭൗതികവും ആത്മീയവുമായ യാത്രയ്ക്കു മുതൽക്കൂട്ടാണ്.

പരീക്ഷണങ്ങളിലും പ്രയാസങ്ങളിലും പ്രതീക്ഷ കൈവിടരുത് ! **ക്ഷമ യോടെ ഒരുവൻ ദൈവത്തിനായി സ്വയം സമർപ്പിച്ചാൽ, ദൈവ പ്രീതി യ്ക്കായി, അവന്റെ പ്രയാസങ്ങൾ ദൈവം നീക്കം ചെയ്യുന്നതാണ്.**

ദൈവ പ്രീതി കരഗതമാക്കുന്നതിൽ അവൻ നമ്മെ ഉൾപ്പെടുത്തട്ടെ ! സന്തോഷ വേളകളിലും സന്താപ വേളകളിലും ! നിങ്ങളുടെ തീരുമാനം അല്ലാ ഹുവിന് വിട്ടു കൊടുക്കുക. നിങ്ങൾ ഒരിക്കലും നഷ്ടകാരികളിൽ അക പ്പെടുകയില്ല. അല്ലാഹുവിന്റെ പ്രീതിക്കായി ലോകത്തിലുള്ളതെല്ലാം നിങ്ങ ൾ കൈഒഴിയുമ്പോൾ, അല്ലാഹു (ത) മറച്ചു വെച്ചിരിക്കുന്ന അനന്തമായ പ്രതി ഫലം ആ നിമിഷം മുതൽ അസാധാരണമായ നിലയിൽ അത്യന്തം ആസ്വാ ദ്യതയോടെ നിങ്ങളുടെ മുമ്പാകെ തുറക്കപെടുന്നതാണ്.

ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**